## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

07.07.2014-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട നിയമസഭാ

ചോദ്യം നമ്പർ: *558

### ത്രിതല പഞ്ചായത്തുകളുടെ ഭരണം അഴിമതിരഹിത മാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ<br>,, സി.എഫ്. തോമസ്<br>,, മോൻസ് ജോസഫ് | ഡോ.എം.കെ.മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| എ) ത്രിതല പഞ്ചായത്തുകളുടെ ഭരണം അഴിമതിരഹിതമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | എ) പഞ്ചായത്തുകളുടെ ഭരണം അഴിമതിരഹിതമാക്കാൻ കാലാകാല ങ്ങളിലായി സർക്കാർ വിവിധ നടപടി കൾ സ്വീകരിച്ചുവരുന്നുണ്ട്.<br>1. പഞ്ചായത്തുകളിൽ ധൂർത്ത്, ധനദുർവിനിയോഗം എന്നിവ പരിശോധി ക്കുന്നതിനും ആയതിന് കാരണക്കാരെ കണ്ടെത്തുന്നതിനും പെർഫോമൻസ് ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തി.<br>2. സേവനാവകാശനിയമം നടപ്പിലാ ക്കുകയും അത് വഴി പഞ്ചായത്തുകൾ നൽകുന്ന സേവനങ്ങൾ സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു.<br>3. പഞ്ചായത്തുകളിലെ പദ്ധതികളുടെ അവലോകനവും സൂക്ഷ്മപരിശോധനയും സുതാര്യമാക്കി.<br>4. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് വിവിധ മേഖല കളിൽ വിദഗ്ദമായ പരിശീലനപരി പാടികൾ നടത്തി.<br>5. ഗ്രാമസഭകളിൽ ജനകീയപങ്കാളിത്തം വർദ്ധിപ്പിക്കുവാനുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.<br>6. പഞ്ചായത്തുകൾ പൗരൻമാർക്ക് നൽകുന്ന സേവനങ്ങൾ സംബന്ധിച്ച പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്ന |

| | | |
|---|---|---|
| | | സമ്പ്രദായം ത്വരിതപ്പെടുത്തി.<br>7. അഴിമതിക്കാർക്കെതിരെ നടപടി സ്വീകരിക്കുവാനുള്ള സംവിധാനങ്ങളായ ഓംബുഡ്സ്മാൻ, ലോകായുക്ത, ട്രൈബ്യൂണൽ തുടങ്ങിയ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തി.<br>8. അഴിമതിയാരോപണങ്ങളോ, മറ്റ് അധികാരദുർവിനിയോഗമോ തെളിയുന്ന സാഹചര്യത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ മുഖേന കൃത്യമായി നടപടി സ്വീകരിച്ചു.<br>9. പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണം സുതാര്യമാക്കുംവിധം പഞ്ചവൽസരപദ്ധതി സംവിധാനം നടപ്പിലാക്കി. |
| ബി) | മാർച്ച് മാസത്തിൽ ഫണ്ട് വിനിയോഗിച്ച് തീരുന്ന രീതി മാറ്റി പദ്ധതിയ്ക്ക് മുൻകൂട്ടി അംഗീകാരം നല്കി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; | ബി) നിലവിൽ ഉണ്ട്. |
| സി) | വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്നവരുടെ ലിസ്റ്റ് വർഷാവർഷം കൈപ്പുസ്തകമായി അച്ചടിച്ച് ഗ്രാമസഭകളിൽ വിതരണം ചെയ്യുന്നതിന് നടപടികൾ ഉണ്ടാകുമോ? | സി) സ.ഉ.(പി) 220/97/തഭവ പ്രകാരം ഗ്രാമസഭകളിൽ അതത് ഗ്രാമസഭയുമായി ബന്ധപ്പെട്ട ലിസ്റ്റ് നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ